**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3850** **27-10-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം കുടുംബ കോടതിയിൽ സൂപ്പർവൈസറി തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ കുടുംബകോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിക്കുവാനും പുന:ക്രമീകരിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ കുടുംബകോടതികളിൽ തീർപ്പാകാതെ കിടക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി, കോടതികൾ ആരംഭിയ്ക്കുന്ന മുറയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതാണ് എന്ന വ്യവസ്ഥയിൽ, 7 പുതിയ കുടുംബ കോടതികൾ ആരംഭിക്കുന്നതിന് ഈ സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കേസുകൾ കെട്ടിക്കിടക്കുന്ന കോടതികളിലൊന്നായ മലപ്പുറം കുടുംബ കോടതിയിൽ സൂപ്പർവൈസറി പോസ്റ്റുകളുടെ അഭാവം മൂലം കോടതി നടപടികളിൽ കാലതാമസവും പ്രയാസങ്ങളും നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് നിലവിലുള്ള കോടതികളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല |
| (സി) | പരാതിക്കാർക്കും എതിർ കക്ഷികൾക്കും വേഗത്തിൽ കേസുകൾ തീർത്ത് ആശ്വാസമേകാൻ മലപ്പുറം കുടുംബ കോടതിയിൽ ജൂനിയർ സൂപ്രണ്ട്, ബെഞ്ച് ക്ലർക്ക് ഗ്രേഡ്-1 എന്നീ സൂപ്പർവൈസറി തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് നിലവിലുള്ള കോടതികളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ